THE TRAVANCORE VELLALA ACT AMENDMENT BILL.

DEPUTY PRESIDENT : The next motion, standing in the name of Mr. C. Jebamony Nadar, is for leave to introduce the Vellala Act Amendment Bill.

MR. C. JEBAMONY NADAR : As the member was not in his seat the motion is deemed to have not been made.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

AGRICULTURAL TRAINING IN SCHOOLS.

MR. K. P. KOCHUKORATHARAKAN : I move :—

This Assembly recommends to Government that in all middle schools and High Schools in Travancore, Agriculture be introduced as a main subject of study and instructions imparted both scientifically and practically and that for practical training the necessary lands be acquired or taken on lease where acquisition is not feasible.

MR. K. P. KOCHUKORA THARAKAN : തിരുവിതാംകൂർ രാജ്യത്തിന് ആവശ്യമുള്ള ധാന്യസാധനങ്ങളും നെല്ല് മുതലായ സാധനങ്ങളും ഉണ്ടാകുന്നില്ലെന്ന് ഗവണ്മെൻറുതന്നെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാലും കൃഷി സമ്പ്രദായങ്ങൾ ഏതെല്ലാം വിധത്തിലാണ് ജനങ്ങളെ അഭ്യസിപ്പിക്കേണ്ടത് എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല. ഇവിടത്തെ ആവശ്യത്തെ നിറവേറുവാൻ പറ്റിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാണ്. ഇതിലേയ്ക്ക് നമ്മുടെ കുട്ടികൾക്ക് വേണ്ട വിദ്യാഭ്യാസം നൽകിയേ മതിയാവൂ. അല്ലാതെ കൃഷിഡിപ്പാർട്ടുമെൻറ് എത്ര ശക്തിയോടുകൂടി ശ്രമിച്ചാലും ഇതിനു ഒരു പോംവഴിയും കണ്ടുപിടിക്കാവുന്നതല്ല. പ്രഫസർ രാധാകൃഷ്ണൻതന്നെ കൊല്ലത്തുവച്ച് പറഞ്ഞത് പള്ളിക്കൂടത്തിൽനിന്നു ലഭിക്കുന്ന പഠിതം പുറമേനിന്ന് എത്ര ശ്രമിച്ചാലും കിട്ടുകയില്ല എന്നാണ്. അതുകൊണ്ട് സ്കൂളിലും കോളേജുകളിലും അഭ്യസിക്കുന്നവരുടെ അഭിരുചി ഈ വിഷയത്തിൽ തിരിക്കുന്നതിലേയ്ക്ക് വേണ്ട അഭ്യസനങ്ങൾ അവർക്ക് നൽകേണ്ടതാകുന്നു. അതിനാൽ മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും ഈ വിഷയത്തെ നിർബന്ധമായി അഭ്യസിപ്പിക്കുവാൻ ഗവണ്മെൻറ് വ്യവസ്ഥ ചെയ്യേണ്ടതാണ്. ചീഫ സിക്രട്ടറി അവർകൾ ഒന്നു രണ്ടു സന്ദർഭങ്ങളിൽ തിരുവിതാംകൂറിലേയ്ക്ക് ആവശ്യമുള്ളത്ര നെല്ലിൻറെ നേർപകുതി നെല്ല് തിരുവിതാംകൂറിൽ ഉണ്ടാകുന്നില്ല എന്നു പറയുകയുണ്ടായി. അതു പരിഹരിക്കുവാനും കൃഷിയേ വേണ്ടത്ര വർദ്ധിപ്പിക്കുവാനും ശ്രമിക്കണം എന്നും അദ്ദേഹം പറഞ്ഞു. കൃഷിഡിപ്പാർട്ടുമെൻറുകാർ ഇതിലേയ്ക്ക് ഇപ്പോൾ ചിലതെല്ലാം ചെയ്യുവരുന്നുണ്ട്. എന്നാൽ അവരുടെ അ

LIBRARY ARCHIVES Kerala Legislative Assembly